**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4352** **09-08-2021 - ൽ മറുപടിയ്ക്ക്**

**പൊതുജനങ്ങൾ നൽകിയ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി സബ് കളക്ടർ ഓഫീസിൽ പൊതുജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി നൽകിയ എത്ര അപേക്ഷകൾ നിലവിൽ ഉണ്ടെന്ന് അറിയിക്കാമോ; | (എ) | 3329 അപേക്ഷകൾ |
| (ബി) | അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഓഫീസ് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. താഴെ പറയുന്ന ബുദ്ധിമുട്ടുകൾ നിലവിൽ നേരിടുന്നുണ്ട്. വയനാട് ജില്ല മുഴുവൻ പ്രവർത്തന പരിധി ഉള്ള മാനന്തവാടി റവന്യൂ ഡിവിഷണൽ ഓഫീസിൽ 1980-ൽ നിശ്ചയിച്ച സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളത്. മറ്റ് ഓഫീസുകളിൽനിന്ന് താൽക്കാലിക അടിസ്ഥാനത്തിൽ നിയോഗിക്കുന്ന ജീവനക്കാരെ ഉപയോഗിച്ചാണ് ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നത്. റവന്യൂ ഡിവിഷണൽ ഓഫീസിന് പുറമേ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി, വൈത്തിരി താലൂക്ക് ലാൻഡ് ബോർഡ്, ഫുഡ് സേഫ്റ്റി അഡ്ജുഡിക്കേഷൻ ഓഫീസർ, മെയിന്റനൻസ് ട്രിബ്യൂണൽ, മെമ്പർ സെക്രട്ടറി ജില്ലാ നിർമ്മിതി കേന്ദ്രം, മാനേജിംഗ് ഡയറക്ടർ, പ്രിയദർശിനി ട്രാൻസ്പോർട്ട്, പ്രിയദർശിനി പ്ലാന്റേഷൻസ്, പ്രസിഡന്റ് എൻ-ഊര് സൊസൈറ്റി എന്നീ ഓഫീസുകളും പ്രസ്തുത കാര്യാലയത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കെട്ടിട നികുതി അപ്പീൽ, കേരള തണ്ണീർത്തട നിയമം 2008, കേരള തണ്ണീർത്തട (ഭേദഗതി) നിയമം 2018, കെ.എൽ.സി.കെ.എൽ.ആർ നിയമം എന്നിവ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും മറ്റും ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിന് സ്ഥലപരിശോധന നിർബന്ധമായതും വളരെയധികം സമയമെടുക്കുന്നതുമാണ്. കോവിഡ് സാഹചര്യത്തിൽ സബ് ഓഫീസുകളിൽ നിന്നും സമയബന്ധിതമായി റിപ്പോർട്ടുകൾ ലഭിയ്ക്കുന്നതിലെ വീഴ്ചകൾ ഫയൽ തീർപ്പാക്കുന്നതിന് കാലതാമസം ഉണ്ടാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പൊതുജനങ്ങളുടെ അപേക്ഷകൾ ഏറ്റവും കൂടുതലുള്ളത് മാനന്തവാടി സബ് കളക്ടർ ഓഫീസിന്റെ ഏത് സെക്ഷനിലാണെന്ന് വ്യക്തമാക്കുമോ; | (സി) | പൊതുജനങ്ങളുടെ അപേക്ഷകൾ ഏറ്റവും കൂടുതലുള്ളത് മാനന്തവാടി സബ് കളക്ടർ ഓഫീസിന്റെ "സി" സെക്ഷനിലാണ്. |
| (ഡി) | അപേക്ഷകൾ കാലങ്ങളായി കെട്ടിക്കിടക്കുന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഡി) | കോവിഡ് വ്യാപനവും നിയമ സഭാ തെരഞ്ഞെടുപ്പും മൂലം നിർത്തിവെച്ചിരുന്ന ഫയൽ തീർപ്പാക്കൽ അദാലത്തുകൾ ഈ മാസം മുതൽ ഓൺലൈനായി നടത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ